CHRISTIAN MUSICOLOGICAL SOCIETY OF INDIA



# George Panjara ജോർജ്ജ് പാഞ്ഞാറ

(1938-2017)

An Eminent Poet-Composer of Christian Karnatic Classical music

## ചെങ്കോലും ഞാങ്ങണയും

എന്റെ സംഗീതാഭ്യാസനാരംഭകാലത്ത് ക്രൈസ്തവ ദേവാലയങ്ങളിൽ സംഗീത കച്ചേരികൾ നടക്കാത്തത്, ദക്ഷിണേന്ത്യൻ സംഗീതത്തിലെ കൃതികളത്രയും ഹൈന്ദവപ്രമേയ പരാമർശിതങ്ങളാണെന്നതു കൊണ്ടാണെന്നാണ് തോന്നിയിരുന്നത്. സാമാന്യരീതിയിൽ അത് ന്യായുക്തമാണെന്നും തോന്നിയിരുന്നു. എന്നാൽ അന്നും ദേവാലയത്തിലെ തിരുക്കർമ്മങ്ങൾക്കിടക്ക് ജനങ്ങൾ ആലപിച്ചിരുന്ന ഗാനങ്ങളും ഇന്ത്യൻ ശാസ്ത്രീയ സംഗീത ശാഖാദ്വയത്തിലെ ഒരു രാഗവുമായും ബന്ധമുള്ളതായിരുന്നില്ല എന്നത് ഇന്നും എന്നെ അത്ഭുതപ്പെടുത്തുകയോ അലോസരപ്പെടുത്തുകയോ ചെയ്യുന്ന ഒരു വസ്തുതയാണ്. ചരിത്രപരമോ വിശ്വാസപരമോ ഒക്കെയായി നിരവധി കാരണങ്ങൾ പറയാൻകണ്ടേക്കാമെങ്കിലും ഭാരതീയരെന്ന നിലയിൽ നമ്മുടെ സാമൂഹ്യതയിൽ ഇന്ത്യൻ സംഗീതത്തിന് യാതൊരു സ്ഥാനവുമില്ലാതായ നില അഭിമാനകാരമല്ലെന്നു മാത്രമല്ല, ആക്ഷേപകരവുമത്രെ. നൂറ്റാണ്ടുകളോളം വിദേശാധിപത്യത്തിൻ്റെ നുകക്കീഴിൽ അടിച്ചേല്പിക്കപ്പെട്ട അനുഷ്ഠാന പാരമ്പരകളെ പുൽകേണ്ടി വന്ന ആ കാലഘട്ടങ്ങളിൽ അങ്ങിനെയൊക്കെ സംഭവിച്ചെങ്കിൽ അതിൽ അത്ഭുതപ്പെടുവാനൊന്നുമില്ല. പക്ഷേ, സ്വന്തം പ്രവർത്തന മണ്ഡലങ്ങളും നയിതാക്കളും രംഗത്തെത്തിയിട്ടും ആരാധനാക്രമം മാതൃഭാഷയിലാക്കിയിട്ടും ഭാരതീയ സംഗീതശൈലിയുമായി യാതൊരു ബന്ധവും ആയിക്കൂടെന്ന പിടിവാശി വച്ചു പുലർത്തുകയാണ് നാമെന്നു തോന്നിപ്പോകും വിധമാണ് കാര്യങ്ങൾ നീങ്ങുന്നത്.

സംഗീതത്തിൽ ക്രൈസ്തവ പ്രമേയപരാമർശിതങ്ങളായ കൃതികളുണ്ടായാൽ കാര്യങ്ങൾക്ക്കാതലായ മാറ്റമുണ്ടാകുമെന്നും നമ്മുടെ ദേവാലയാങ്കണങ്ങളിൽ തിരുന്നാൾ ആഘോഷവേളകളിൽ ആ കൃതികൾ പാടിയവതരിപ്പിക്കുവാൻ ധാരാളം അവസങ്ങൾ ലഭിക്കുമെന്നും ഞാൻ പ്രതീക്ഷിച്ചിരുന്നു. ആ ലക്ഷ്യസാക്ഷാത്ക്കാരത്തിനായി അവിശ്രാന്ത പരിശ്രമം ചെയ്ത് നൂറോളം കൃതികൾ വിവിധ രാഗങ്ങളിലും താളങ്ങളിലും രചിച്ചു പാടി തയ്യാറാക്കിയ എനിക്ക് ഇപ്പോൾ നിരാശ തോന്നുന്നു. സമൂഹം പഴയ പിന്തിരിപ്പൻ നയത്തിൽ നിന്നും പിന്മാറുവാൻ കൂട്ടാക്കുന്നില്ല.

ഒരു ക്രൈസ്തവ നാമധാരി സംഗീതത്തിൽ പ്രവർത്തിച്ചു ജീവിച്ചു കളയാമെന്നു ചിന്തിക്കുന്നതു തന്നെ ധിക്കാരപരമാണെന്നാണ് അലിഖിത നിയമം. കാരണം മറ്റൊന്നുമല്ല, സംഗീതം അതിന്റെ

ജന്മാവസരം മുതലേ ഹൈന്ദവ ഭക്തിനിർഭരമോ ക്ഷേത്രസങ്കേതങ്ങളിൽ മാത്രം ആലപിക്കപ്പെടുവാൻ വിധിക്കപ്പെട്ടതോ ആണ് എന്ന ധാരണ തന്നെ!. ഈ ചിന്താഗതി വച്ചു പുലർത്തുന്നവർ ഹൈന്ദവ സഹോദരങ്ങൾ മാത്രമല്ല, ക്രൈസ്തവരും വ്യത്യസ്തരാണ് എന്നതാണ് എന്നെ അത്ഭുതപ്പെടുത്തുന്നത്.

സുദീഘമായ രാഷ്ട്രീയ വിദേശാധിപത്യത്തിലും കെട്ടുപോകാതെ പുരുഷാന്തരങ്ങളായി ഭാരത ജനത കൈക്കുടന്നയിലെ ദീപനാളം പോലെ സൂക്ഷിച്ച ഈ ദിവ്യ പൈതൃകം യാതൊരുകാരണവശാലും ഏതെങ്കിലും പ്രത്യേക ജനവിഭാഗത്തിന് സ്വന്തമെന്നോ നിഷിദ്ധമെന്നോ പറയുന്നതിൽ യാതൊരു അർത്ഥവുമില്ല.

തലമുറകളായി ക്രൈസ്തവ ഭക്തിഗാനങ്ങളിൽ പുലർത്തിപ്പോന്ന സംഗീത വൈരസ്യം വിശ്വാസികളുടെ ആസ്വാദനതൃഷ്ണയെ മന്ദീഭവിപ്പിച്ചതു പോലെ തോന്നുന്നു. ക്രിസ്ത്യൻ ഭക്തിഗാനത്തിന് ഒരു 'പള്ളിത്തം' കൂടിയേ തീരൂ എന്ന മട്ട്!.

എന്റെ ഏതാനും കീർത്തനങ്ങളടങ്ങുന്ന കാസ്സെറ്റ് ഒരു പള്ളി പെരുന്നാളിനോട് അനുബന്ധിച്ച് ഉച്ചഭാഷിണിയിലൂടെ കേൾക്കാനിടയായി ഒരു കരപ്രമാണി മൈക്ക് സെറ്റ് പ്രവർത്തിപ്പിച്ചിരുന്നവർക്കുനേരെ കോപാക്രാന്തനായി ഓടിയടുത്തു. 'എന്തോന്നാടോ ഈ കേൾപ്പിക്കുന്നത്?, ഇതോരെന്നാ കച്ചേരി? ഇത് വല്ല അമ്പലത്തിലും വെച്ചാൽ മതി. ഇവിടെ വേണ്ട.' എന്നദ്ദേഹം അലറി. ഇത് ക്രൈസ്തവ ഭക്തി കീർത്തനങ്ങളാണെന്നും, ശ്രദ്ധിച്ചുകേട്ടാൽ കാര്യം ബോധ്യമാകുമെന്നും അവർ പറഞ്ഞുനോക്കി. പക്ഷെ കാരപ്രമാനിക്കതൊന്നും സ്വീകാര്യമായില്ല. ഗത്യന്തരമില്ലാതെ കാസ്സെറ്റ് അവർ എടുത്തുമാറ്റി.

ഈ സംഭവത്തിനുപിന്നിൽ പ്രവർത്തിച്ച വികാരമെന്താണെന്നു അപഗ്രഥിക്കുമ്പോഴാണ് നാം കലാപരമായി എത്രമാത്രം ശോചനീയസ്ഥിതിയിലാണെന്ന് ബോധ്യമാകുക!. കർണാടകസംഗീതപ്രസ്ഥാനത്തിലെ ഒരു രാഗാലാപം പോലും ക്രൈസ്തവവിരുദ്ധമാണെന്ന് ശഠിക്കുവാൻപോരുന്ന വിധത്തിൽ അത്ര തീക്ഷ്ണമായ അന്ധതയാണ് നമ്മുടെ കൈമുതൽ!. അപഹാസ്യമായ ഈ അവസ്ഥയിൽ നിന്ന് നമുക്കെന്ന് കരകയറാനാകുമോ ആവോ!.

ഈശ്വരസന്നിധാനത്തിലേക്ക് മനുഷ്യമനസ്സിനെ ഏകാഗ്രമായി ഉയർത്തുവാനും ആത്മാനന്ദത്തിൽ ലയിപ്പിക്കുവാനും സംഗീതത്തിനുള്ള കഴിവ് മറ്റൊന്നിനുമില്ല തന്നെ. പ്രത്യേകിച്ചും കാർണാടകസംഗീതശൈലിയിലുള്ള രാഗങ്ങളിൽ, ശ്രുതിസുഭഗമായ കീർത്തനങ്ങൾ ആലപിക്കുമ്പോഴുളവാകുന്ന ആത്മനിർവൃതി അത്യുൽകൃഷ്ടമാണ്. അതുബോധ്യപ്പെട്ടുവരാൻ അല്പസ്വല്പം സംഗീത വാസനയെ, സഹിഷ്ണതയോ ഒക്കെ വേണമെന്ന് മാത്രം.

സമൂഹത്തിന്റെ ഈ ദൃശ സമീപനം മൂലമാകാം ക്രൈസ്തവസമുദായത്തിൽ സംഗീതവിഷാദരന്മാർ വളർന്നുവരാത്തത്. രണ്ടാം വത്തിക്കാൻ കൗൺസിലിൽ അംഗീകരിക്കപ്പെട്ട പ്രാദേശികസഭകളെക്കുറിച്ചുള്ള പ്രഖ്യാപനങ്ങളിൽ അർത്ഥശങ്കക്കിടയില്ലാത്തവിധം നിർദ്ദേശിക്കുന്നുണ്ട് - സഭകളുടെ അനുഷ്ഠാനങ്ങളും ആരാധനാക്രമങ്ങളും തദ്ദേശീയ പാരമ്പര്യങ്ങൾക്കും കലകൾക്കും പ്രാമുഖ്യം നൽകിക്കൊണ്ടായിരിക്കണമെന്ന്. പക്ഷെ സൂചനകൾക്കും നിർദ്ദേശങ്ങൾക്കും പുല്ലുവിലയും ഭാരതസഭയുടെ നയിതാക്കൾ നൽകുന്നതായറിവില്ല.

ഭാരതവൽക്കരണമെന്ന ആശയം പലപ്പോഴും ഇടയന്മാരുടെ പ്രസംഗങ്ങളിലെ ചടുലതയെ പ്രദീപ്തമാക്കാറുണ്ടെന്നത് നേര്. പക്ഷെ പ്രായോഗികതലത്തിൽ കടകവിരുദ്ധമായ നിലപാടാണ് കാണാനാവുക!. ആരാധനാ ക്രമങ്ങളിലുൾപ്പെടുത്തുന്ന ഗാനങ്ങളിൽ പോലും നിർജ്ജീവമെന്നോ മരണശുശ്രൂഷാപ്രയുക്തമെന്നോ ഒക്കെ വിശേഷിപ്പിക്കാവുന്നവയാണെന്ന് പറഞ്ഞാൽ അതിൽ അസത്യമൊന്നുമില്ല.

CHRISTIAN MUSICOLOGICAL SOCIETY OF INDIA

മുപ്പതുവർഷങ്ങളിലെ നിദാന്തപരിശ്രമത്തിന്റെയും, നിശ്ചയദാർഢ്യത്തോടെയുള്ള ഉപാസനയുടെയും ഫലമായി ഏതാണ്ട് നൂറു കൃതികളോളം വിവിധ രാഗങ്ങളിൽ തയ്യാറാക്കിയ എനിക്ക് അതിൽ പകുതിപോലും പാടിയാവതരിപ്പിക്കുവാൻ രാഗവേദികൾ ലഭിക്കുവാൻ ഇടയായിട്ടില്ല. എൻ്റെ സംഗീതരംഗത്തെ പരിശ്രമങ്ങളെ ആദരിച്ചുകൊണ്ട് കേരളത്തിലെ കർമ്മലീത്ത വൈദീക സമൂഹം ചാവറ സാംസ്കാരിക പുരസ്ക്കാരവും, സീറോ മലബാർ അല്മായ കോൺഗ്രസ്സ് കലാസാഹിത്യപുരസ്കാരവും നൽകിയെന്നാണ് നേര്!. എന്നിരുന്നാലും ഒരു കലാപ്രവർത്തകൻ ആഗ്രഹിക്കുന്ന അവസരങ്ങളുടെ ലഭ്യത, പ്രവർത്തിയിലുള്ള തന്റെ പ്രാഗൽഭ്യം പ്രകടിപ്പിക്കുവാനുള്ള വേദികൾ വേണ്ടത്ര ലഭിക്കുന്നില്ല എന്നത് സത്യം മാത്രം. വേദനാജനകമായ ഈ സ്ഥിതിവിശേഷത്തെക്കുറിച്ച് ഞാൻ പലപ്പോഴായി എഴുതിയ കത്തുകൾ തങ്ങളെ ശല്യപ്പെടുത്തുകയോ അനാദരിക്കുകയോ ഒക്കെ ചെയ്യുന്നതായി ഒരു വൈദീകപ്രമുഖൻ നേതൃസമൂഹത്തിനുവേണ്ടി എന്നെ ബോധ്യപ്പെടുത്താൻ ശ്രമിക്കുകയും ആ പരിപാടി തുടർന്നാൽ ഞാൻ യാതൊരു മേന്മയും നേടാൻ പോകുന്നില്ലായെന്നു വിധി പ്രസ്താവിക്കുകയും ചെയ്തു!. പിന്നാലെ തീർത്തും ബാലിശവും അസംഗത്യവുമായ കുറെയേറെ പരിഹാസവും!.

കേരളത്തിലെ കത്തോലിക്കാസമൂഹത്തിന്റെ സമൂഹബന്ധപരമായ ഏറ്റവും ഉയർന്ന ഒരു പ്രസ്ഥാനത്തിന്റെ അധ്യക്ഷസ്ഥാനം വഹിക്കുന്ന ആ വൈദീകപ്രമുഖന്റെ വാക്കുകളിൽ എനിക്ക് വലിയ അത്ഭുതമൊന്നും തോന്നുന്നില്ല. കാരണം, രണ്ടു സഹസ്രാബ്ദങ്ങൾ പിന്നിട്ട, പ്രഗല്ഭമായ ഈ സമൂഹത്തിൽ ഒരു കലാപ്രതിഭപോലും വളരാൻ സാഹചര്യം സൃഷ്ടിക്കുവാൻ കൂട്ടാക്കാതിരുന്ന നേതൃത്വത്തിന്റെ തനിനിറം അദ്ദേഹത്തിന്റെ വാക്കുകളിൽ പ്രത്യക്ഷപ്പെട്ടുവെന്നേയുള്ളു. ഇപ്പോഴും അതേ പിന്തിരിപ്പൻ നിലപാടുതന്നെ തങ്ങൾ പിന്തുടരുന്നുവെന്നുള്ള ലജ്ജാരഹിതമായ പ്രഖ്യാപനം.

പക്ഷെ ഈ ഭീഷണിവാങ്മയത്തിനുമുന്പിൽ മുട്ടുമടക്കുവാനോ നിഷ്ക്രിയനാകുവാനോ എന്നിലെ അവകാശബോധം കൂട്ടാക്കുന്നില്ല. ചെറുപ്പുനക്കികളെ മാത്രമേ പരിഗണിക്കു എന്നതാണ് നയമെങ്കിൽ, അത് അക്രൈസ്തവമെന്നു തന്നെയാണ് എന്റെ പക്ഷം.

ഞാൻ തയ്യാറാക്കിയ സംഗീതകൃതികൾ പാടി അവതരിപ്പിക്കുവാൻ വേദികൾ വേണമെന്ന് പറയുവാനോ, അത് തരപ്പെടുത്തേണ്ടത് അവരുടെ കർത്തവ്യമാണെന്നു ബോധ്യപ്പെടുത്തുവാനോ എനിക്കവകാശമില്ലെന്നുവന്നാൽ പിന്നെ ഞാൻ അനുഭവിച്ച ക്ലേശങ്ങൾക്കും ത്യാഗങ്ങൾക്കും എന്താണർത്ഥം?. പലപ്പോഴും ജീവിതത്തിന്റെ പരുപരുത്ത യാഥാർത്ഥ്യങ്ങളുമായി ക്രൈസ്തവസമൂഹത്തിൽ തുടരുക സാധ്യമല്ലെന്ന് അനുഭവിച്ചറിഞ്ഞ മുൻകാല കലാപ്രവർത്തകൻ സഭ വിട്ടുപോയതിന്റെ പൊരുൾ ഇപ്പോഴെനിക്ക് പിടികിട്ടി.തങ്ങളുടെ കൂടെ നാമ്പെടുക്കുന്ന കലാപ്രതിഭകളുടെ വ്യക്തിത്വമോ, സ്വാതന്ത്ര്യബോധമോ, അവയോടുബന്ധപ്പെട്ട അവകാശങ്ങളോ അംഗീകരിച്ചുകൊടുക്കുവാൻ സഭാനേതൃത്വം തയ്യാറല്ല. ചുരുക്കത്തിൽ വൈദീകരല്ലാത്തവരാരുംതന്നെ സമൂഹത്തിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകൂടാ. ഇത് തുറന്നു പറയുന്നില്ലെന്ന് മാത്രം. ഈ നയം അംഗീകരിച്ചുകൊണ്ട് മൗനമായിരിക്കുന്ന ഒരു ഭീരുവാകുവാൻ ഞാനില്ല. അവകാശങ്ങൾക്കുവേണ്ടി അടരാടുന്നവരെ അടിച്ചമർത്താൻതുനിഞ്ഞ ഏകാധിപധികളെ ചരിത്രത്തിന്റെ താളുകളിൽ നാം ധാരാളം കാണുന്നു. അവരാരും അത്ര തേജസ്വികളായി വിരാജിച്ചതായറിവില്ല.

"ക്രൈസ്തവ കലാകാരന്മാരെ പ്രോത്സാഹിപ്പിക്കുവാൻ മെത്രാന്മാരെന്തു ചെയ്യണം? ഇടയലേഖനമെഴുതണമോ?" എന്നായിരുന്നു മുൻപ് സൂചിപ്പിച്ച വൈദീകപ്രമുഖന്റെ ചോദ്യം. ഈ ചോദ്യത്തിന് ഉത്തരം പറയുവാൻ എനിക്ക് ബാധ്യതയില്ല. എന്താണ് വേണ്ടതെന്ന് സഭാനേതാക്കൾ ആലോചിക്കണം. ഇടയലേഖനം എഴുതണമെങ്കിൽ, അത് വേണ്ടി വരും. സൂര്യകാന്തി തിയേറ്ററിന്റെ 'ആറാം തിരുമുറിവ്' എന്ന നാടകത്തിനെതിരെ ഇടയലേഖനമെഴുതി അനുയായികളെ ബോധവൽക്കരിക്കാത്ത ഒരിടയനും കേരള ക്രൈസ്തവ

സമൂഹത്തിലുണ്ടായിരുന്നില്ലല്ലോ?. എന്തുകൊണ്ട് സമൂഹത്തിൽ നിന്നും ക്രിസ്തുവിനനുകൂലമായി നാമ്പെടുക്കുന്ന കലാപ്രതിഭകൾ ഉയർത്തിക്കൊണ്ടുവരേണ്ടതിനെക്കുറിച്ച് ഒരിടയലേഖനമെങ്കിലും ഒരിടയൻപോലും ഇന്നോളം എഴുതിയില്ല?. അതൊരാവശ്യമായി അവർക്കാർക്കും തോന്നിയിട്ടില്ല എന്ന് സാരം. ആരെങ്കിലും മുൻപറഞ്ഞവിധത്തിലുള്ള ക്ഷുദ്ര സൃഷ്ടികളുമായി രംഗത്തെത്തിയാൽ, അതിനെതിരെ പടയൊരുക്കമാണോ സഭയുടെ പ്രഖ്യാപിത നയം? അത് യുക്തമായ പരിപാടിയാണെന്നും തോന്നുന്നുണ്ടോ?. ആ നാടകത്തിന്റെ ലക്ഷക്കണക്കിന് പ്രതികൾ പുസ്തകമാക്കിയതും, അവ ജിജ്ഞാസുക്കളായ ക്രൈസ്തവരുടെപോലും പാരായണത്തിന് വിഷയമായിത്തീർന്നതും സഭാനേതാക്കൾ അറിയുന്നുണ്ടോ? ഇതിനു പ്രധിവിധി എന്താണ്? പുസ്തകങ്ങൾ കണ്ടെത്തി ചുട്ടെരിക്കാൻ പരിപാടിയുണ്ടോ?

സമ്മർദ്ദങ്ങൾ ഏറിയിട്ടും, കഷ്ടപ്പാടുകൾ തീ തീറ്റിയിട്ടും, ക്രിസ്തുവിനെ വിട്ടു പോകുവാൻ മടിക്കുകയും, അവിടുത്തെ നമഹത്വത്തിനുതകുമെങ്കിൽ ആവട്ടെ എന്ന് കരുതി സംഗീത രംഗത്ത് ഉറച്ചു നിൽക്കുകയുംചെയ്യുന്ന ഒരു വിശ്വാസി എന്ന നിലയിൽ ഒരപേക്ഷയെ ഉള്ളു എനിക്ക്!.. 'നിന്റെ സംഗീതവും കൊണ്ട് ഞങ്ങളെ ശല്യപ്പെടുത്താതെ ഒന്ന് പോടാ' എന്ന് ആക്രോശിക്കാതെയെങ്കിലും ഇരിക്കണമേ! ഇല്ലെങ്കിൽ ഞാനും ഒരു മനുഷ്യനാണ്. എനിക്കും ജീവിക്കുവാനുള്ള അവകാശമുണ്ട്. വികാരങ്ങളുണ്ട്. അത് മറക്കണ്ട!.

<u>Extracts from his personal diary (1991)</u>